രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം



1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 2

# ദൈവികജീവൻ നഷ്ടപ്പെടുത്തുന്ന മനുഷ്യൻ



ആദവും ഹവ്വായും ഏദൻതോട്ടത്തിൽ ദൈവവുമായി സഹവാസത്തിലായിരുന്നു. ദൈവം ജീവൻ നൽകിയ അവർ അവിടെ സന്തോഷത്തോടെ കഴിഞ്ഞു.



തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്.

(ഉൽപത്തി 2:16–17)



ദൈവത്തിന്റെ കല്പന അവർ നിരസിച്ചു. സാത്താന്റെ ഉപദേശം അവർ സ്വീകരിച്ചു. അങ്ങനെ അവർ പാപം ചെയ്തു. ദൈവത്തിന്റെ കല്പന നിരസിക്കുമ്പോൾ നാം പാപം ചെയ്യുന്നു.



ആദം, നീ എവിടെയാണ് ?.... അവൻ മറുപടി പറഞ്ഞു : ഞാൻ ഭയന്ന് ഒളിച്ചിരിക്കുകയാണ്. (ഉൽപത്തി 3:9–10)



അവിടുന്ന് നമുക്കു ജീവൻ നല്കി. സ്നേഹം നല്കി. സ്വന്തം ഛായയും സാദൃശ്യവും നൽകി. അവിടുത്തെ കല്പന അനുസരിച്ചു നാം ജീവിക്കണം.

ദൈവപ്രമാണങ്ങൾ പാലിച്ചുകൊണ്ട് നിഷ്കളങ്കരായി ജീവിക്കുന്നവർ ഭാഗ്യവാന്മാർ. (സങ്കീർത്തനം 119:1)

ദൈവത്തെ സ്നേഹിക്കാം, ദൈവത്തെ അനുസരിക്കാം, ദൈവത്തിന്റെ കൂടെയായിരിക്കാം.

# നമുക്കു പ്രാർത്ഥിക്കാം

ജീവദാതാവായ ദൈവമേ, ഒരിക്കലും
അങ്ങിൽനിന്ന് അകന്നുപോകുവാൻ എനിക്ക്
ഇടയാകരുതെ. സാത്താന്റെ വാക്കു കേൾക്കാതെ
അങ്ങയെ മാത്രം അനുസരിക്കാൻ എനിക്ക്
ശക്തി നല്കണമേ.



# നമുക്കു പാടാം



ആദത്തെ സൃഷ്ടിച്ചു നല്ല ദൈവം
പറുദീസാ തീർത്തതിൽ പാർപ്പിച്ചല്ലോ
ദൈവത്തിൻ കല്പന ലംഘിച്ചാദം
സാത്താന്റെ വാക്കുകൾ കേട്ടുപോയി.
ദൈവസഹവാസം നഷ്ടമായി
ശാന്തി സന്തോഷങ്ങൾ പോയ് മറഞ്ഞു
ദൈവത്തെ സ്നേഹിച്ചനുസരിച്ചാൽ
സ്വർഗീയ സന്തോഷം സ്വന്തമാക്കാം

# എന്റെ തീരുമാനം

1. ഞാൻ നുണപറയില്ല. 2. ഞാൻ മാതാപിതാക്കളെ അനുസരിക്കും.
3. ഞാൻ ദിവസവും പ്രാർത്ഥിക്കും.

Thank you